## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

### CLASS 11 (HALF YEARLY 2023)

**1) സഭയുടെ വിശ്വാസങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പ്രധാന സ്രോതസ്സ്?**
**A) വിശുദ്ധ വേദപുസ്തകം**
B) പാരമ്പര്യങ്ങൾ
C) വിശുദ്ധ കുർബാന
D) സഭയുടെ ആരാധന

**2) താഴെ കൊടുത്തിരിക്കുന്നവയിൽ ഉത്തര കാനോനിക ഗ്രന്ഥങ്ങളിൽ ഉൾപ്പെടാത്തത് ഏത്?**
**A) എസ്ഥേർ**
B) തോബിത്
C) യൂദിത്ത്
D) പ്രഭാഷകൻ

**3) 'സഭയുടെ ആധികാരികത ഇല്ലായിരുന്നെങ്കിൽ ഞാൻ സുവിശേഷത്തെ വിശ്വസിക്കുകയില്ലായിരുന്നു' എന്ന് പ്രസ്താവിച്ച പിതാവ്?**
**A) വിശുദ്ധ ആഗസ്തിനോസ്**
B) പരിശുദ്ധ പരുമല തിരുമേനി
C) പൗലോസ് ശ്ലീഹ
D) പൗലോസ് മാർ ഗ്രീഗോറിയോസ്

**4) ഓർത്തഡോക്സ് സഭയും റോമൻ കത്തോലിക്ക സഭയും സ്വീകരിക്കുന്ന ബൈബിളിലെ പഴയ നിയമ പുസ്തകങ്ങളുടെ എണ്ണം?**
**A) 46**
B) 66
C) 39
D) 27

**5) സ്വതന്ത്രമായ ബൈബിൾ വ്യാഖ്യാനങ്ങൾ അപകടമെന്ന് പറയുന്നത് എന്തുകൊണ്ട്?**
**A) തെറ്റായ നിഗമനങ്ങളിലും ചിന്തകളിലും ചെന്നെത്താം.**
B) പുതുമയുള്ള ആശയങ്ങൾ ഉണ്ടാകാം.
C) പാരമ്പര്യങ്ങളെ മാത്രം ആശ്രയിക്കുന്നതിനു ഇടയാകും.
D) സഭയുടെ വ്യാപനത്തിന് ഇടയാകും.

**6) പൗലോസ് ശ്ലീഹ പ്രസ്താവിക്കുന്ന 'വിശ്വാസത്താലുള്ള നീതീകരണം' പഴയ നിയമത്തിൽ ആരുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നു?**
**A) അബ്രഹാം**
B) യെശയ്യാവ്
C) മോശ
D) ദാവീദ്

**7) താഴെ കൊടുത്തിരിക്കുന്നവയിൽ പഴയനിയമത്തിൽ ഉള്ളതും ക്രിസ്തീയ വിശ്വാസത്തിൽ സ്വീകരിക്കാത്തതുമായ കാര്യങ്ങൾ മാത്രം ഉൾപ്പെടുന്ന ഗ്രൂപ്പ്**

**തെരഞ്ഞെടുക്കുക.**
**(i). മൃഗങ്ങളെയും മത്സ്യങ്ങളെയും ശുദ്ധമെന്നും അശുദ്ധമെന്നും വേർതിരിക്കുക.**
**(ii) കുഷ്ഠരോഗിയെ സ്പർശിച്ചാൽ അശുദ്ധി.**
**(iii). ശാബതിനെ ശുദ്ധീകരിക്കുക.**
**(iv) ഞായറാഴ്ച ആരാധനക്ക് പ്രാധാന്യം നൽകുക.**
**A) (i), (ii), (iii)**
B) (ii), (iv)
C) (i), (iii), (v)
D) (ii), (iii), (iv)

**8) 'ഏവൻഗേലിയോൻ' എന്ന പദത്തിന്റെ അർത്ഥം?**
**A) സുവിശേഷം**
B) വേദപുസ്തകം
C) പുതിയ നിയമം
D) മഹാദൂത്

**9) സമവീക്ഷണ സുവിശേഷങ്ങളിൽ ഉൾപ്പെടാത്തത് ഏത്?**
**A) യോഹന്നാൻ**
B) മത്തായി
C) മർക്കോസ്
D) ലൂക്കോസ്

**10) യേശുവിന്റെ പരസ്യ ശുശ്രൂഷാകാലം മൂന്ന് വർഷങ്ങളിലായി പ്രതിപാദിച്ചിരിക്കുന്ന സുവിശേഷം?**
**A) യോഹന്നാൻ**
B) മത്തായി
C) മർക്കോസ്
D) ലൂക്കോസ്

**11) പുതിയനിയമത്തിൽ ഏറ്റവും കൂടുതൽ പുസ്തകങ്ങൾ രചിച്ചത് ആര്?**
**A) വിശുദ്ധ പൗലോസ് ശ്ലീഹാ**
B) വിശുദ്ധ പത്രോസ് ശ്ലീഹാ
C) വിശുദ്ധ യാക്കോബ് ശ്ലീഹാ
D) വിശുദ്ധ യോഹന്നാൻ ശ്ലീഹാ

**12) 'ലോകത്തിനു ജീവനും രക്ഷയും പ്രഖ്യാപിക്കുന്ന ദൈവത്തിന്റെ വചനം' എന്ന് എപ്പോഴാണ് വിശുദ്ധ കുർബാനയിൽ പ്രസ്താവിക്കുന്നത്?**
**A) ഏവൻഗേലിയോന് മുമ്പ്**
B) തുബ്ദേന് മുമ്പ്
C) പഴയനിയമ വായനക്ക് മുമ്പ്
D) ശ്ലീഹ വായനക്ക് മുമ്പ്

**13) യെറൂശലേം കൗൺസിൽ നടന്ന വർഷം?**
**A) AD 50**
B) AD 313
C) AD 216
D) AD 323

**14) പൗലോസ് ശ്ലീഹായെ 'ജാതികളുടെ അപ്പോസ്തോലൻ' എന്ന് വിളിക്കുന്നതിന് കാരണം?**

**A) യെഹൂദന്മാർ അല്ലാത്തവരുടെ ഇടയിൽ ഏറ്റവും കൂടുതൽ സുവിശേഷം അറിയിച്ചു.**

B) ക്രിസ്ത്യാനികളെ ഉപദ്രവിച്ചതിനു ശേഷം ക്രിസ്ത്യാനിയായി.

C) ശൗലിന്റെ മാനസാന്തരം സഭയ്ക്ക് പുതിയ ഉണർവ് നൽകി.

D) സഭാചരിത്രത്തിൽ വലിയ പ്രാധാന്യം പൗലോസിന് ഉണ്ടായി.

**15) യെഹൂദന്മാർ അല്ലാത്തവർ ക്രൈസ്തവ സഭയിൽ ചേരുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ തീരുമാനിച്ച സുന്നഹദോസ്?**

**A) യെരുശലേം**

B) നിഖ്യാ

C) കുസ്തന്തീനോപ്പോലീസ്

D) എഫേസൂസ്

**16) ആദിമസഭ ഗ്രന്ഥരചനകൾക്ക് പ്രാധാന്യം നല്കാതിരുന്നതിന്റെ കാരണം?**

**A) യേശുവിന്റെ രണ്ടാമത്തെ വരവ് ഉടനെ ഉണ്ടാകുമെന്ന പ്രതീക്ഷ.**

B) എഴുത്തിനുള്ള സാഹചര്യം കുറവായിരുന്നു.

C) എഴുത്തും വായനയും അറിയാവുന്ന ആളുകൾ കുറവായിരുന്നു.

D) എഴുത്തുകൾ ആവശ്യമില്ല എന്ന തീരുമാനമുണ്ടായിരുന്നു.

**17) പഴയനിയമം 39 പുസ്തകങ്ങളായി നിജപ്പെടുത്തിയ യെഹൂദാ റാബിമാരുടെ യോഗം ഏതാണ്?**

**A) എ ഡി 90 ൽ ജാംനിയയിൽ വച്ച്**

B) എ ഡി 112 ൽ ജാംനിയയിൽ വച്ച്

C) എ ഡി 325 ൽ നിഖ്യായിൽ വച്ച്

D) എ ഡി 216 ൽ യെരുശലേമിൽ വച്ച്

**18) ആഗോളസഭ കിഴക്കൻ സഭയെന്നും പടിഞ്ഞാറൻ സഭയെന്നും രണ്ടായി പിരിഞ്ഞത് ഏതു കാലത്താണ്?**

**A) പതിനൊന്നാം നൂറ്റാണ്ടിൽ**

B) പത്താം നൂറ്റാണ്ടിൽ

C) പന്ത്രണ്ടാം നൂറ്റാണ്ടിൽ

D) ഒൻപതാം നൂറ്റാണ്ടിൽ

**19) തന്നിരിക്കുന്നവയിൽ കൽക്കദൂൻ സുന്നഹദോസിനെ സ്വീകരിക്കുന്ന സഭ?**

**A) കുസ്തന്തിനോപോലീസ്**

B) മലങ്കര സഭ

C) അർമേനിയ

D) എറിട്രിയ

**20) സന്യാസ പ്രസ്ഥാനത്തിൽ സമൂഹ ജീവിതക്രമത്തിന്റെ യോക്താവ്?**

**A) വിശുദ്ധ പക്കോമിയോസ്**

B) വിശുദ്ധ അന്തോണിയോസ്

C) എവുത്തിക്കൂസ്

D) മാർ ഗ്രീഗോറിയോസ്

**21) താഴെ കൊടുത്തിരിക്കുന്നവയിൽ കുരിശു യുദ്ധങ്ങളുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ മാത്രം ഉൾപ്പെടുന്ന ഗ്രൂപ്പ് തെരെഞ്ഞെടുക്കുക.**
**i. കുരിശിന്റെ ശത്രുക്കൾക്കെതിരെ കുരിശും എടുത്തുകൊണ്ടു നടത്തിയ പോരാട്ടമാണ് ഇത്.**
**ii. 1400 - 1600 കാലഘട്ടത്തിലാണ് കുരിശുയുദ്ധങ്ങൾ നടത്തപ്പെട്ടത്.**
**iii. കുരിശുയുദ്ധങ്ങൾ ക്രൈസ്തവ സഭകളുടെ ഐക്യത്തിന് കാരണമായി തീർന്നു.**
**iv. തുർക്കിയുടെ കയ്യിൽ നിന്നും വിശുദ്ധ നാടായ പലസ്തീൻ പിടിച്ചെടുക്കുവാനാണ് കുരിശുയുദ്ധങ്ങൾ നടത്തിയത്.**
**A) (i), (iv)**
B) (i) , (ii)
C) (ii), (iii)
D) (iii), (iv)

**22) നവീകരണ പ്രസ്ഥാനം ആരംഭിച്ച വ്യക്തി ?**
**A) മാർട്ടിൻ ലൂതർ**
B) ജോൺ വൈക്ലിഫ്
C) ജോൺ ഹസ്സു
D) ജോൺ കാൽവിൻ

**23) ആധുനിക എക്യൂമെനിക്കൽ പ്രസ്ഥാനത്തിന് അടിത്തറ പാകിയ സമ്മേളനം ?**
**A) 1910 ലെ എഡിൻബറോ സമ്മേളനം**
B) 1935 ലെ ഓക്സ് ഫോഡ് സമ്മേളനം
C) 1945 ലെ ആംസ്റ്റർഡാം സമ്മേളനം
D) 1810 ലെ എഡിൻബറോ സമ്മേളനം

**24) ഇപ്പോഴത്തെ WCC ജനറൽ സെക്രട്ടറി?**
**A) റവ. ഡോ. ജെറി പിള്ള**
B) ഡോ. എലിസബത്ത് ജോയ്
C) പ്രൊഫ്. ഡോ. ലോആൻ സോക
D) ഡോ. ഒലാവ് ഫിക്സേ

**25) മലങ്കര സഭയെ റോമൻ കത്തോലിക്ക വിശ്വാസത്തിലേക്ക് അര നൂറ്റാണ്ടു കാലം കൊണ്ടുപോകാൻ കാരണമായ സംഭവം?**
**A) ഉദയംപേരൂർ സുന്നഹദോസ്**
B) പേർഷ്യൻ കുടിയേറ്റം
C) മാവേലിക്കര സുന്നഹദോസ്
D) കൊച്ചി പഞ്ചായത്ത്

**26) മാർത്തോമ ശ്ലീഹ ഇന്ത്യയിൽ സുവിശേഷം അറിയിച്ചു എന്നതിന്റെ തെളിവുകളായി താഴെ കൊടുത്തിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന ഏത്?**
**A) അപ്പോസ്തോല പ്രവർത്തികളിൽ ഉള്ള തെളിവുകൾ.**
B) മാർത്തോമ ശ്ലീഹായുടെ കബറിടം.
C) മാർത്തോമ ശ്ലീഹ സ്ഥാപിച്ച പുരാതന ക്രൈസ്തവ സമൂഹം.
D) ശ്ലീഹായുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച ചരിത്ര രേഖകൾ.

**27) യേശു പെസഹാ ആചരിക്കുവാൻ യെരുശലേമിൽ വന്നതിന്റെ**

**കാരണം?**

**<u>A) യെഹൂദ നിയമം അനുസരിച്ച്.</u>**

B) യെരുശലേമിൽ എല്ലാ വിശ്വാസികളും സമ്മേളിക്കുന്നതുകൊണ്ട്.

C) യെരുശലേം വലിയ നഗരമായതുകൊണ്ട്/

D) യെരുശലേം ചരിത്രപരമായി പ്രാധാന്യമുള്ളതുകൊണ്ട്.

**28) വിശുദ്ധ കുർബാനയുടെ അർത്ഥതലങ്ങളുമായി യോജിക്കാത്ത വാചകം?**

**<u>A) വിശുദ്ധ കുർബാനയിൽ പെസഹാ പെരുന്നാളിന്റെ ഓർമ്മക്കാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടത്.</u>**

B) യിസ്രായേൽ ഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും ചെയ്യുന്ന പുതിയ നിയമം എന്ന പ്രവചന പൂർത്തീകരണം.

C) വിശുദ്ധ കുർബാന അനുഭവിക്കുവർക്കു നിത്യജീവൻ ഉണ്ട്.

D) വിശുദ്ധ കുർബാന ഒരുക്കത്തോടുകൂടി മാത്രമേ അനുഭവിക്കാവു.

**29) വിശുദ്ധ കുർബാനയിൽ കാസായിൽ വീഞ്ഞ് പകരുമ്പോൾ തുല്യ അളവിൽ വെള്ളം ചേർക്കുന്നത് എന്തിന്?**

**<u>A) കർത്താവിന്റെ ദൈവത്വവും മനുഷ്യത്വവുമായി സംയോജിച്ചത് സൂചിപ്പിക്കുവാൻ.</u>**

B) ജലം അമൂല്യമാണ് എന്ന വസ്തുതയെ സൂചിപ്പിക്കുവാൻ.

C) പ്രകൃതിയുടെ പങ്കാളിത്തത്തെ സൂചിപ്പിക്കുവാൻ.

D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല.

**30) വിശുദ്ധ കുർബാനയിൽ 'വചനശുശ്രൂഷ' എന്നറിയപ്പെടുന്ന ഭാഗം ഏതാണ്?**

**<u>A) പഴയനിയമ വായന മുതൽ 'യാചിക്കേണ്ടും സമയമിതാ' എന്ന ഗാനം വരെ.</u>**

B) പഴയനിയമ വായന മുതൽ ഏവൻഗേലിയോൻ വായന വരെ.

C) 'വെളിവുനിറഞ്ഞോരീശോ' എന്ന ഗാനം മുതൽ 'അന്പുടയോനെ' എന്ന ഗാനം വരെ.

D) 'ശ്ലീഹ വായന' മുതൽ 'ഏവൻഗേലിയോൻ' വരെ.

**31) ത്രൈശുദ്ധ കീർത്തനത്തിൽ 'ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ' എന്ന് അഭിസംബോധന ചെയ്യുന്നതിന്റെ ഉദ്ദേശ്യം?**

**<u>A) വിശ്വാസിക്ക് ദൈവവുമായുള്ള സാമീപ്യം സൂചിപ്പിക്കുവാൻ.</u>**

B) മനുഷ്യരുടെ സ്നേഹത്തെ സൂചിപ്പിക്കുവാൻ

C) പാപമോചനത്തിനുള്ള അപേക്ഷ.

D) കുരിശു മരണം ഒരു അന്ത്യമാണെന്ന് ഓർമപ്പെടുത്തുവാൻ.

**32) 'നിന്റെ വഴിപാട് യാഗപീഠത്തിൽ കൊണ്ടുവരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെ വച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വച്ചിട്ട് ഒന്നാമത് ചെന്ന് സഹോദരനോട് നിരന്നു കൊൾക, പിന്നെ വന്നു വഴിപാട് കഴിക്ക'. ഈ കർതൃവചനം സാക്ഷാത്കരിക്കപ്പെടുന്ന വിശുദ്ധ കുർബാനയുടെ ഭാഗം?**

**<u>A) സമാധാന ചുംബനം</u>**

B) അപ്പവീഞ്ഞുകളുടെ ആഘോഷം

C) ഖണ്ഡിപ്പിന്റെ ശുശ്രൂഷ

D) വിശുദ്ധ കുർബാന സ്വീകരണം

**33) യെഹൂദന്മാരുടെ ആരാധനാജീവിതവുമായി യോജിക്കാത്തത് തെരഞ്ഞെടുക്കുക.**
**A) വിശുദ്ധ കുർബാന**
B) പെസഹാ പെരുന്നാൾ ആചരണം
C) ശാബത്തിന്റെ ആചരണം
D) സാക്ഷ്യപെട്ടകം

**34) 'മലങ്കര സഭയുടെ സ്വാതന്ത്ര്യ സമരം' എന്നറിയപ്പെടുന്ന സംഭവം**
**A) കൂനൻ കുരിശു സത്യം**
B) മാവേലിക്കര സുന്നഹദോസ്
C) ഉദയംപേരൂർ സുന്നഹദോസ്
D) കൊച്ചിപഞ്ചായത്ത്

**35) മലങ്കര സഭയും അന്ത്യോഖ്യൻ സഭയുമായി ബന്ധം ആരംഭിച്ച സംഭവം.**
**A) 1665 ൽ അബ്ദുൽ ജലീൽ മെത്രാപ്പോലീത്തയുടെ മലങ്കര സന്ദർശനം**
B) 1876 ലെ മുളന്തുരുത്തി സുന്നഹദോസ്
C) ഉദയംപേരൂർ സുന്നഹദോസ്
D) മാവേലിക്കര സുന്നഹദോസ്

**36) മലങ്കര സഭയിൽ നിന്നും ഒരു മെത്രാപോലിത്ത സഭ വിട്ട് റോമൻ കത്തോലിക്ക സഭയിലേക്കു പോയി അവിടെ ആരംഭിച്ച സഭ?**
**A) മലങ്കര കത്തോലിക്ക റീത്തുസഭ**
B) സീറോ മലബാർ സഭ
C) റോമൻ കത്തോലിക്ക സഭ
D) മലങ്കര മാർത്തോമാ സഭ

**37) മലയാളക്കരയിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത് എവിടെ?**
**A) പഴയ സെമിനാരിയിൽ**
B) ചർച്ച് മിഷൻ സൊസൈറ്റിയിൽ
C) മാവേലിക്കരയിൽ
D) പരുമല സെമിനാരിയിൽ

**38) റോയൽ കോടതി വിധിയിലൂടെ മലങ്കര സഭയിൽ നിന്നും വേർപെട്ട് ഉണ്ടായ സഭ?**
**A) മാർത്തോമാ സഭ**
B) തൊഴിയൂർ സഭ
C) മലങ്കര കത്തോലിക്ക റീത്തുസഭ
D) യാക്കോബായ സഭ

**39) മലങ്കരസഭയിൽ ഭിന്നിച്ചു നിന്ന വിഭാഗം സുപ്രീം കോടതി വിധിയിലൂടെ സഭയിൽ ചേർന്ന് വന്ന് സഭയിൽ സമാധാനം ഉണ്ടായ വർഷം?**
**A) 1958**
B) 1934
C) 1906
D) 1973

**40) മലങ്കര സഭയിലെ ആദ്യത്തെ സന്യാസ പ്രസ്ഥാനം?**

**A) ഓർഡർ ഓഫ് സെന്റ് തോമസ്**
B) സെന്റ് പോൾസ് സുവിശേഷ സംഘം
C) സ്ലീബാദാസ സമൂഹം
D) ബഥനി മൂവ്മെന്റ്